# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 3301** **11.05.2017- ൽ മറുപടിക്ക്**

### കൈത്തറി മേഖലയുടെ പുരോഗതിക്കായി നടപടികൾ

| ചോദ്യം<br>ശ്രീ.സി.ദിവാകരൻ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൈത്തറി മേഖലയുടെ പുരോഗതിക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി രൂപീകരിച്ചു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് യൂണിഫോം നൽകുക എന്നതിനു പുറമേ കൈത്തറി മേഖലയിലെ നെയ്ത്തുകാർക്ക് വർഷത്തിൽ കുറഞ്ഞത് 200 ദിവസമെങ്കിലും ജോലി നൽകി അവരുടെ വേതനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിരിക്കുന്നു.<br><br>2017-18 വർഷത്തിൽ ഒരു വീട്ടിൽ ഒരു തറി പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതിയിലൂടെ തറി സ്ഥാപിക്കാൻ കഴിവില്ലാത്തതും എന്നാൽ ഒരു അംഗത്തിനെങ്കിലും നെയ്ത്ത് അറിയാവുന്നതുമായ ഓരോ വീട്ടിലും തറി സ്ഥാപിക്കാൻ ചെലവിന്റെ 75% സർക്കാർ സഹായം നൽകും. ഇതു വഴി കൈത്തറി മേഖലയിൽ കൂടുതൽ പേരെ ആകർഷിക്കുവാൻ സാധിക്കും.<br><br>പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും നെയ്ത്തുകാർക്കും നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപാദന ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി നെയ്ത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന ആവശ്യമനുസരിച്ച് ഒരു പ്രദേശത്ത് പരിജ്ഞാനം ലഭിച്ച ഒരു ഡിസൈനറെ വീതം ഉൾപ്പെടുത്തി ഒരു വർഷത്തേക്ക് പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു. |

'കേരള കൈത്തറി' എന്ന പേരിൽ പ്രത്യേക ബ്രാന്റോടു കൂടിയ നിലവാരത്തിലുള്ള കൈത്തറി ഉൽപന്നങ്ങൾക്കും, കേരള ഹാന്റ്ലൂം വിൽപ്പന ശാലകൾക്കും ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എത്ര കൈത്തറി നെയ്ത്ത് സംഘങ്ങളാണ് പൂട്ടിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന കൈത്തറി നെയ്ത്ത് സംഘങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 21 |
| കൊല്ലം | 4 |
| ആലപ്പുഴ | 11 |
| പത്തനംതിട്ട | 4 |
| കോട്ടയം | 3 |
| ഇടുക്കി | 7 |
| എറണാകുളം | 6 |
| തൃശ്ശൂർ | 5 |
| പാലക്കാട് | 16 |
| മലപ്പുറം | 8 |
| കോഴിക്കോട് | 1 |
| വയനാട് | 1 |
| കണ്ണൂർ | 12 |
| കാസർഗോഡ് | 1 |
| **ആകെ** | **100** |

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കൈത്തറി റിബേറ്റ് കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) ഉണ്ട്. ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവർക്ക് 25.32 കോടി രൂപ റിബേറ്റ് ഇനത്തിൽ കുടിശ്ശിക ഉണ്ടായിരുന്നതിൽ ഈ സർക്കാർ 5,93,61,000/- രൂപ നാളിതുവരെ വിതരണം ചെയ്തു.

(ഡി) 31.03.2017 വരെ കൈത്തറി റിബേറ്റ് ഇനത്തിൽ എത്ര തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ?

(ഡി) 31.03.2017 വരെ കൈത്തറി റിബേറ്റ് ഇനത്തിൽ 22.55 കോടി രൂപ കുടിശ്ശികയുണ്ട്.

സെക്ഷൻ ഓഫീസർ